©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 4 <br> Vol. IV | തിരുവനന്തപുരം, തിങ്കൾ <br> Thiruvananthapuram, Monday | 2015 മേയ് 11 <br> 11th May 2015 <br> 1190 മേടം 27 <br> 27th Medam 1190 <br> 1937 വൈശാഖം 21 <br> 21st Vaisakha 1937 | നമ്പർ <br> No. 1135 |

## കേരള സർക്കാർ

### തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (പി) നമ്പർ 164/2015/ത.സ്വ.ഭ.വ. *തിരുവനന്തപുരം, 2015 മേയ് 11 / 1190 മേടം 27.*

**എസ്. ആർ. ഒ. നമ്പർ 302/2015.**—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 6-ാം വകുപ്പും ഭാരത ഭരണഘടനയുടെ 243 റ്റി അനുച്ഛേദവും കൂട്ടി വായിച്ചപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ 2009 നവംബർ 28-ാം തീയതിയിലെ സ.ഉ. (അച്ചടി) 229/2009/ത.സ്വ.ഭ.വ. നമ്പരായി പുറപ്പെടുവിച്ചതും 2009 നവംബർ 28-ാം തീയതിയിലെ 2208-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 1014/2009 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനത്തെയും 2010 ജൂൺ 14-ാം തീയതിയിലെ

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.

33/1880/2015/S-9.

സ.ഉ. (അച്ചടി) 124/2010/ത.സ്വ.ഭ.വ. നമ്പരായി പുറപ്പെടുവിച്ചതും 2010 ജൂൺ 14–ാം തീയതിയിലെ 1351–ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 579/2010 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനത്തെയും ഭാഗികമായി ഭേദഗതി ചെയ്തുകൊണ്ട് താഴെപ്പറയുന്ന പട്ടികയിൽ (2)–ാം കോളത്തിൽ പറഞ്ഞിട്ടുള്ള മുനിസിപ്പൽ കോർപ്പറേഷനുകളിലെയും മുനിസിപ്പൽ കൗൺസിലുകളിലെയും നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെ നികത്തേണ്ടതായ സ്ഥാനങ്ങളുടെ എണ്ണവും സ്ത്രീകൾക്കും (പട്ടികജാതികളിലെയും പട്ടികഗോത്രവർഗ്ഗങ്ങളിലെയും സ്ത്രീകൾ ഉൾപ്പെടെ), പട്ടികജാതിക്കാർക്കും പട്ടികജാതിയിൽപ്പെടുന്ന സ്ത്രീകൾക്കും പട്ടികഗോത്ര വർഗ്ഗക്കാർക്കും പട്ടികഗോത്രവർഗ്ഗത്തിൽപ്പെടുന്ന സ്ത്രീകൾക്കും സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണവും യഥാക്രമം താഴെ പട്ടികയിലെ (3), (4), (5), (6), (7), (8) എന്നീ കോളങ്ങളിൽ പറഞ്ഞിട്ടുള്ള പ്രകാരം നിശ്ചയിച്ച് കേരള സർക്കാർ വിജ്ഞാപനം ചെയ്യുന്നു.

പട്ടിക

മുനിസിപ്പൽ കോർപ്പറേഷൻ

| ക്രമനമ്പർ | മുനിസിപ്പൽ കോർപ്പറേഷന്റെ പേര് | നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെ നികത്തേണ്ട സ്ഥാനങ്ങളുടെ എണ്ണം | സ്ത്രീകൾക്ക് (പട്ടികജാതികളിലും പട്ടികഗോത്രവർഗ്ഗങ്ങളിലും ഉൾപ്പെടുന്ന സ്ത്രീകൾ ഉൾപ്പെടെ) സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം | പട്ടികജാതിക്കാർക്ക് സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം (പട്ടികജാതികളിൽപ്പെടുന്ന സ്ത്രീകളുൾപ്പെടെ) | പട്ടികജാതികളിൽപ്പെടുന്ന സ്ത്രീകൾക്ക് സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം | പട്ടികഗോത്രവർഗ്ഗക്കാർക്ക് സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം (പട്ടികഗോത്രവർഗ്ഗങ്ങളിൽപ്പെടുന്ന സ്ത്രീകൾ ഉൾപ്പെടെ) | പട്ടികഗോത്രവർഗ്ഗങ്ങളിൽപ്പെടുന്ന സ്ത്രീകൾക്ക് സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| 1 | തിരുവനന്തപുരം | 99 | 50 | 9 | 5 | ഇല്ല | ഇല്ല |
| 2 | കൊല്ലം | 55 | 28 | 4 | 2 | ഇല്ല | ഇല്ല |
| 3 | കോഴിക്കോട് | 58 | 29 | 2 | 1 | ഇല്ല | ഇല്ല |
| 4 | കണ്ണൂർ | 55 | 28 | 3 | 2 | ഇല്ല | ഇല്ല |

## മുനിസിപ്പൽ കൗൺസിൽ

| ക്രമനമ്പർ | മുനിസിപ്പൽ കൗൺസിലിന്റെ പേര് | നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെ നികത്തേണ്ട സ്ഥാനങ്ങളുടെ എണ്ണം | സ്ത്രീകൾക്ക് (പട്ടികജാതികളിലും പട്ടികഗോത്രവർഗ്ഗങ്ങളിലും ഉൾപ്പെടുന്ന സ്ത്രീകൾ ഉൾപ്പെടെ) സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം | പട്ടികജാതിക്കാർക്ക് സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം (പട്ടികജാതിയിൽപ്പെടുന്ന സ്ത്രീകളുൾപ്പെടെ) | പട്ടികജാതികളിൽപ്പെടുന്ന സ്ത്രീകൾക്ക് സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം | പട്ടികഗോത്രവർഗ്ഗക്കാർക്ക് സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം (പട്ടികഗോത്രവർഗ്ഗങ്ങളിൽപ്പെടുന്ന സ്ത്രീകൾ ഉൾപ്പെടെ) | പട്ടികഗോത്രവർഗ്ഗങ്ങളിൽപ്പെടുന്ന സ്ത്രീകൾക്ക് സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| 1 | കൊട്ടാരക്കര | 29 | 15 | 4 | 2 | ഇല്ല | ഇല്ല |
| 2 | പന്തളം | 33 | 17 | 6 | 3 | ഇല്ല | ഇല്ല |
| 3 | ഏറ്റുമാനൂർ | 35 | 18 | 3 | 2 | ഇല്ല | ഇല്ല |
| 4 | വടക്കാഞ്ചേരി | 41 | 21 | 5 | 3 | ഇല്ല | ഇല്ല |
| 5 | പട്ടാമ്പി | 28 | 14 | 3 | 2 | ഇല്ല | ഇല്ല |
| 6 | താനൂർ | 44 | 22 | 2 | 1 | ഇല്ല | ഇല്ല |
| 7 | പരപ്പനങ്ങാടി | 45 | 23 | 2 | 1 | ഇല്ല | ഇല്ല |
| 8 | വളാഞ്ചേരി | 33 | 17 | 3 | 2 | ഇല്ല | ഇല്ല |
| 9 | പയ്യോളി | 36 | 18 | 2 | 1 | ഇല്ല | ഇല്ല |
| 10 | രാമനാട്ടുകര | 31 | 16 | 3 | 2 | ഇല്ല | ഇല്ല |
| 11 | പിറവം | 27 | 14 | 2 | 1 | ഇല്ല | ഇല്ല |
| 12 | കൊടുവള്ളി | 36 | 18 | 2 | 1 | ഇല്ല | ഇല്ല |
| 13 | മാനന്തവാടി | 36 | 18 | 1 | ഇല്ല | 6 | 3 |
| 14 | ഇരിട്ടി | 33 | 17 | 1 | ഇല്ല | 1 | ഇല്ല |

| | | | | | | | |
|---|---|---|---|---|---|---|---|
| 15 | ചെർപ്പുളശ്ശേരി | 33 | 17 | 3 | 2 | ഇല്ല | ഇല്ല |
| 16 | മണ്ണാർക്കാട് | 29 | 15 | 2 | 1 | ഇല്ല | ഇല്ല |
| 17 | മുക്കം | 33 | 17 | 4 | 2 | ഇല്ല | ഇല്ല |
| 18 | ഈരാറ്റുപേട്ട | 28 | 14 | 1 | ഇല്ല | ഇല്ല | ഇല്ല |
| 19 | കട്ടപ്പന | 34 | 17 | 2 | 1 | ഇല്ല | ഇല്ല |
| 20 | കൂത്താട്ടുകുളം | 25 | 13 | 1 | ഇല്ല | ഇല്ല | ഇല്ല |
| 21 | പാനൂർ | 40 | 20 | 1 | ഇല്ല | ഇല്ല | ഇല്ല |
| 22 | ഹരിപ്പാട് | 29 | 15 | 2 | 1 | ഇല്ല | ഇല്ല |
| 23 | ശ്രീകണ്ഠപുരം | 30 | 15 | 2 | 1 | 1 | ഇല്ല |
| 24 | തിരൂരങ്ങാടി | 39 | 20 | 1 | ഇല്ല | ഇല്ല | ഇല്ല |
| 25 | സുൽത്താൻ ബത്തേരി | 35 | 18 | 1 | ഇല്ല | 4 | 2 |
| 26 | ആന്തൂർ | 28 | 14 | 2 | 1 | ഇല്ല | ഇല്ല |
| 27 | തളിപ്പറമ്പ് | 34 | 17 | 1 | ഇല്ല | ഇല്ല | ഇല്ല |
| 28 | നീലേശ്വരം | 32 | 16 | 1 | ഇല്ല | ഇല്ല | ഇല്ല |
| 29 | കഴക്കൂട്ടം | 52 | 26 | 6 | 3 | ഇല്ല | ഇല്ല |
| 30 | ഏലത്തൂർ | 46 | 23 | 3 | 2 | ഇല്ല | ഇല്ല |
| 31 | ചെറുവണ്ണൂർ—നല്ലളം | 41 | 21 | 2 | 1 | ഇല്ല | ഇല്ല |
| 32 | ബേപ്പൂർ | 44 | 22 | 1 | ഇല്ല | ഇല്ല | ഇല്ല |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

ജെയിംസ് വർഗ്ഗീസ്,

*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് 6-ാം വകുപ്പ് പ്രകാരം മുനിസിപ്പൽ കൗൺസിലിലേക്ക്/മുനിസിപ്പൽ കോർപ്പറേഷനിലേക്ക് നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെ നികത്തേണ്ടതായ സ്ഥാനങ്ങളുടെ എണ്ണം നിശ്ചയിക്കുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. എസ്. ആർ. ഒ. നമ്പർ 263/2015, 264/2015, 265/2015, 266/2015, 267/2015, 268/2015, 269/2015, 270/2015, 271/2015 എന്നീ വിജ്ഞാപനങ്ങളിലൂടെ നിലവിലുള്ള ഏതാനും മുനിസിപ്പൽ കോർപ്പറേഷനുകളോട്/മുനിസിപ്പൽ കൗൺസിലുകളോട് ഭൂമിശാസ്ത്രപരമായി തൊട്ടുകിടക്കുന്ന ഏതാനും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളെ കൂട്ടിച്ചേർത്തുകൊണ്ടും, നിലവിൽ ചില മുനിസിപ്പൽ കോർപ്പറേഷൻ/ മുനിസിപ്പൽ കൗൺസിലിന്റെ ഭാഗമായിരുന്ന ചില പ്രദേശങ്ങളെ ഒഴിവാക്കി പുതിയ മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പൽ കൗൺസിലുകളാക്കി രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനുകളിലേക്കും/മുനിസിപ്പൽ കൗൺസിലുകളിലേക്കും നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെ നികത്തേണ്ടതായ സ്ഥാനങ്ങളുടെ എണ്ണവും സ്ത്രീകൾക്കും (പട്ടികജാതികളിലെയും പട്ടികഗോത്രവർഗ്ഗങ്ങളിലെയും സ്ത്രീകൾ ഉൾപ്പെടെ), പട്ടികജാതിക്കാർക്കും പട്ടികജാതിയിൽപ്പെടുന്ന സ്ത്രീകൾക്കും, പട്ടികഗോത്ര വർഗ്ഗക്കാർക്കും പട്ടികഗോത്രവർഗ്ഗങ്ങളിൽപ്പെടുന്ന സ്ത്രീകൾക്കും സംവരണം ചെയ്യപ്പെടേണ്ട സ്ഥാനങ്ങളുടെ എണ്ണവും പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

---